**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1915** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് കേരള വഴി ഇ-ഫയലുകൾ ഫയൽ ഡീറ്റെയിൽസ് കാണും വിധം ക്രമീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിലെ ഡയറക്ടറേറ്റുകൾ ഇ-ഓഫീസ് കേരളയുടെ ഭാഗമായിട്ടുണ്ടെങ്കിലും സെക്രട്ടേറിയറ്റിലെ ഇ-ഫയൽ സംവിധാനത്തിലുള്ളതുപോലെ ഫയൽ ഏതൊക്കെ സീറ്റുകളിലൂടെയാണ് കടന്നുപോകുന്നതെന്നും ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് ഉള്ളതെന്നും അറിയാൻ കഴിയുന്ന വിധത്തിൽ ഫയൽ ഡീറ്റെയിൽസ് ലഭ്യമാകുന്ന വിധത്തിലല്ല ഇത് ക്രമീകരിച്ചിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനായി സിറ്റിസൺ പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ട്. http://eoffice.kerala.gov.in എന്ന URL മുഖാന്തിരം പോർട്ടലിലെ ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ വമ്പർ / ഫയൽ നമ്പർ / വിഷയം / അപേക്ഷകന്റെ വിവരങ്ങൾ നൽകി ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയൽ ഉള്ളതെന്ന് അറിയുവാൻ കഴിയും. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ 103 ഓഫീസുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരങ്ങളാണ് ഈ പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന ഓഫീസുകളിലെ ഫയൽ നീക്കം സിറ്റിസൺ പോർട്ടലിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ എൻ.ഐ.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇ-ഓഫീസ് കേരള വഴി എല്ലാ ഡയറക്ടറേറ്റുകളിലെയും ഇ-ഫയലുകൾ ഫയൽ ഡീറ്റെയിൽസ് സഹിതം കാണുവാൻ പറ്റുന്ന വിധം ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ? | (ബി) | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനായി സിറ്റിസൺ പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ട്. http://eoffice.kerala.gov.in എന്ന URL മുഖാന്തിരം പോർട്ടലിലെ ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ വമ്പർ / ഫയൽ നമ്പർ / വിഷയം / അപേക്ഷകന്റെ വിവരങ്ങൾ നൽകി ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയൽ ഉള്ളതെന്ന് അറിയുവാൻ കഴിയും. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ 103 ഓഫീസുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരങ്ങളാണ് ഈ പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന ഓഫീസുകളിലെ ഫയൽ നീക്കം സിറ്റിസൺ പോർട്ടലിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കാൻ എൻ.ഐ.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ